**കേരള സർക്കാർ**
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം - 695001

**വിജ്ഞാപനം**

**കീം-2021**

**ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം- 2021 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു**

കേരളത്തിലെ വിവിധ സർക്കാർ/ സ്വാശ്രയ കോളേജുകളിലെ 2021 ലെ താഴെ പറയുന്ന കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെൻറ് നടപടിക്രമങ്ങൾ ആരംഭിച്ചു.

1. Bachelor of Ayurvedic Medicine and Surgery (BAMS)
2. Bachelor of Siddha Medicine and Surgery (BSMS)
3. Bachelor of Homoeopathic Medicine and Surgery (BHMS)
4. Bachelor of Unani Medicine and Surgery (BUMS)
5. Bachelor of Science-Agriculture [BSc.(Hons.) Agri.]
6. Bachelor of Veterinary Science & Animal Husbandry (BVSc. & AH).
7. Bachelor of Science-Forestry [BSc.(Hons.) Forestry
8. Bachelor of Fisheries Science (BFSc.)
9. Bachelor of Science-[BSc.(Hons.)] Co-Operation & Banking
10. Bachelor of Science -[BSc.(Hons.] Climate Change & Environmental Science
11. Bachelor of Technology - B.Tech. Biotechnology.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, നീറ്റ് യു.ജി 2021 മാനദണ്ഡപ്രകാരം പ്രസ്തുത കോഴ്സുകളിലേക്ക് പ്രവേശനത്തിന് യോഗ്യരുമായ വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **05.02.2022** മുതൽ **09.02.2022** വൈകിട്ട് **05.00** മണി വരെ ലഭ്യമാകുന്നതാണ്. 09.02.2022 വൈകുന്നേരം 5.00

മണി വരെ ലഭ്യമാകുന്ന ഓപ്ഷനുകൾ അടിസ്ഥാനമാക്കി 11.02.2022 വൈകുന്നേരം ആദ്യഘട്ട അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആയുർവേദ കോഴ്സിലേക്കും മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും നീറ്റ് യു.ജി. 2021 അനുസരിച്ച് നിശ്ചിത യോഗ്യത നേടിയിട്ടുള്ളവർക്ക് ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിലേക്കും, പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും മുകളിൽ പറഞ്ഞിരിക്കുന്ന ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സ കൾ ഒഴികെയുള്ള എല്ലാ കോഴ്സുകളിലേക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.

സംസ്ഥാനത്തെ സ്വാശ്രയ ആയുർവേദ/സിദ്ധ/യുനാനി മെഡിക്കൽ കോളേജുകളിലെ ബി.എ.എം.എസ് /ബി.എസ്.എം.എസ്/ ബി.യു.എം.എസ് കോഴ്സിലെ 15% സീറ്റുകളിലേയ്ക്കും ജനനസ്ഥലം പരിഗണിക്കാതെ എല്ലാ വിദ്യാർത്ഥികളെയും ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അലോട്ട്മെൻറിനായി പരിഗണിക്കുന്നതാണ്.

അലോട്ട്മെൻറ് ഷെഡ്യൂൾ

| | |
|---|---|
| 05.02.2022 | പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ് സൈറ്റ് സജ്ജമാകു |
| 09.02.2022 , 5.00 PM | ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 11.02.2022 | ആദ്യ ഘട്ട അലോട്ട്മെൻറ് പ്രസിദ്ധീകരണം |
| 14.02.2022 – 17.02.2022, 4.00 PM | അലോട്ട്മെൻറ് ലഭിച്ച കോളേജിൽ പ്രവേശനം നേടാനുള്ള സമയം. അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെൻറ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതായ തുക ഓൺലൈൻ പെയ്മെൻറ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയതിനു ശേഷമാണ് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടത്. |

| | |
|---|---|
| 17.02.2022, 5.00 PM | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെൻറ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം. |

നിർദ്ദേശാനുസൃത സംവരണം

അഖിലേന്ത്യാ ക്വാട്ടാ, ഇന്ത്യാ ഗവൺമെന്റ് നോമിനികൾ, പ്രത്യേക സംവരണം, മൈനോറിറ്റി/ എൻ.ആർ.ഐ ക്വാട്ട, ഭിന്നശേഷി വിഭാഗക്കാർ എന്നിവ ഒഴികെ ഓരോ കോഴ്സിനും അവശേഷിക്കുന്ന സീറ്റുകൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 02.05.1966-ലെ G.O.(P)208/66/HEdn. ഉത്തരവിലെയും 06.10.2008 ലെ G.O.(Ms) No.95/08/SCSTDD ഉത്തരവിലെയും, 23.05.2014 ലെ G.O.(Ms)No.10/2014/BCDD ഉത്തരവിലെയും തത്വങ്ങൾക്കനുസൃതമായി വിതരണം ചെയ്യുന്നതാണ്.

നിർദ്ദേശാനുസരണ സംവരണം ഇപ്രകാരമാണ്

| | | |
|---|---|---|
| A | സ്റ്റേറ്റ് മെരിറ്റ് (SM) | 50% |
| B | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർ (EWS) | 10% |
| C | സാമൂഹീകവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ(SEBC) | **30%** |
| | a) ഈഴവ (EZ) | 9% |
| | b) മുസ്ലീം (MU) | 8% |
| | c) മറ്റു പിന്നാക്ക ഹിന്ദു (BH) | 3% |
| | d) ലത്തീൻ കത്തോലിക്കരും ആംഗ്ലോഇൻഡ്യൻസും(LA) | 3% |
| | e) ധീവരയും അവാന്തര വിഭാഗങ്ങളും (DV) | 2% |
| | f) വിശ്വകർമ്മയും അവാന്തര വിഭാഗങ്ങളും (VK) | 2% |

| | | |
|---|---|---|
| | g) കുശവനം അനുബന്ധ സമുദായങ്ങളും (KN) | 1% |
| | h) മറ്റു പിന്നാക്ക ക്രിസ്ത്യൻ (BX) | 1% |
| | i) കുടുംബി (KU) | 1% |
| D | പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും | **10%** |
| | a) പട്ടികജാതി (SC) | 8% |
| | b) പട്ടികവർഗ്ഗം (ST) | 2% |

ഈ ഘട്ടത്തിൽ പരിഗണിക്കപ്പെടുന്ന കോളേജുകൾ, കോഴ്സുകൾ , ഓരോ കോഴ്സിലേയും ഫീസ് സംബന്ധമായ വിവരങ്ങൾ

**GOVERNMENT/AIDED HOMOEO MEDICAL COLLEGES**
**COURSE : BHMS [CODE 'BH']**

| Sl. No. | Code | Government Homoeopathic Medical Colleges | University | Fees |
|---|---|---|---|---|
| 1 | **KKH** | Government Homoeopathic Medical College,Karaparamba P O, Kozhikode-10 | KUHS | 1,260/- |
| 2 | **TVH** | Government Homoeopathic Medical College, Iranimuttam, Manacaud P O, Thiruvananthapuram-695009 | KUHS | 1,260/- |
| | | **Aided Homoeopathic Medical Colleges** | | |
| 3 | **EKH** | Dr. Padiyar Memorial Homoeopathic Medical College, Chottanikkara P O, Ernakulam | KUHS | 2,147/- |
| 4 | **KTH** | Athurasramam NSS Homoeopathic MedicalCollege, Sachivothamapuram P O, Kottayam | KUHS | 1,260/- |

| | | | | |
|---|---|---|---|---|
| 5 | **NEH** | Sree Vidhyadhiraja Homoeopathic MedicalCollege,Nemom, Thiruvananthapuram | KUHS | 2,660/- |

**AYURVEDA MEDICAL COLLEGES**
**COURSE: BAMS [CODE 'BA']**

| Sl.No. | Code | Government Ayurveda Colleges | University | Fees |
|---|---|---|---|---|
| 1 | KNA | Government Ayurveda College, Medical College P O,Pariyaram, Kannur- 670 503 | KUHS | 13,230/- |
| 2 | TPA | Government Ayurveda College, Dhanwanthari Nagar,Tripunithura, Ernakulam – 682 301 | KUHS | 13,230/- |
| 3 | TVA | Government Ayurveda College, G P O, Thiruvananthapuram- 695 001 | KUHS | 13,230/- |
| | | **Aided Ayurveda Colleges** | | |
| 4 | KTL | VPSV Ayurveda College, Edarikode P O, Kottakkal, Malappuram | KUHS | 13,230/- |
| 5 | OLR | Vaidyaretnam Ayurveda College, Thaikkattussery P.O., Ollur, Thrissur | KUHS | 13,230/- |
| **Sl.No** | **Code** | **Self-financing Ayurveda Colleges** | **University** | ***Fees** |
| 1 | AHA | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad | KUHS | 1,99,415/- |
| *2* | AST | Ashtamgam Ayurveda Chikilsalayam and Vidhyapeedham, Palakkad | KUHS | 1,99,415/- |
| 3 | KMA | KMCT College of Ayurveda, Kozhikode | KUHS | 1,99,415/- |

| | | | | |
|---|---|---|---|---|
| 4 | MAM | Mannam Ayurveda Co-operative Medical College,Pandalam, Pathanamthitta – 689 501 | KUHS | 1,99,415/ |
| 5 | NGL | Nangelil Ayurveda Medical College, Nellikuzhy P O,Kothamangalam, Ernakulam | KUHS | 1,99,415/- |
| 6 | PKJ | Pankajakasthuri Ayurveda Medical College,Kattakada P O, Thiruvananthapuram | KUHS | 1,99,415/- |
| 7 | **PNA** | PNNM Ayurveda Medical College, Cheruthuruthy P O,Shoranur, Thrissur - 679531 | KUHS | 1,99,415/- |
| 8 | **PPA** | P N Panicker Souhruda Ayurveda Medical College,Parakalai P O, Anandhashram via, Kasargode | KUHS | 1,99,415/- |
| 9 | **PRK** | M V R Ayurveda Medical College, Parassinikadavu P O,Kannur- 670 563 | KUHS | 1,99,415/- |
| 10 | **SGA** | Santhigiri Ayurveda Medical College, Olassery P O,Kodumbu Via, Palakkad – 678 551 | KUHS | 1,99,415/- |
| 11 | **SNA** | Sree Narayana Institute of Ayurvedic Studies & Research, Karimpinpuzha P O, Pangode, Puthur, Kollam | KUHS | 1,99,415/- |
| 12 | **VSH** | Vishnu Ayurveda College, Govt. Press P O, Shornur, Palakkad | KUHS | 1,99,415/- |

*സ്വാശ്രയ ആയുർവേദ കോളേജുകളിലെ ഫീസ് സർക്കാരിൽ നിന്നുള്ള അന്തിമ അംഗീകാരത്തിനനുസരിച്ചായിരിക്കും

**<u>SIDDHA MEDICAL COLLEGE – COURSE : BSMS [CODE ‘BS’]</u>**

| Sl. No. | Code | Self financing SiddhaMedicalCollege* | University | *Fees |
|---|---|---|---|---|
| 1 | SGS | Santhigiri Siddha Medical College, Santhigiri P O, Pothencode Via, Thiruvananthapuram – 695 584 | KUHS | 1,89,000/- |

*ഫീസ് സർക്കാരിൽ നിന്നുള്ള അന്തിമ അംഗീകാരത്തിനനുസരിച്ചായിരിക്കും

**UNANI MEDICAL COLLEGE – COURSE : BUMS [CODE 'BU']**

| Sl. No. | Code | Self financing Unani Medical College | University | *Fees |
|---|---|---|---|---|
| 1 | MRU | Markaz Unani Medical College, Puthupadi P O,Kozhikode-673586 | KUHS | 1,89,000/- |

*ഫീസ് സർക്കാരിൽ നിന്നുള്ള അന്തിമ അംഗീകാരത്തിനനുസരിച്ചായിരിക്കും

**SEATS FOR VARIOUS COURSES UNDER KERALA AGRICULTURAL UNIVERSITY(KAU)**

| Sl. No. | Code | Name of College | University | Fees |
|---|---|---|---|---|
| **Bachelor of Science in Agriculture – [BSc.( Hons.) Agri] :** [Course Code 'AA'] | | | | |
| 1 | **COA** | College of Agriculture, Vellayani P O, Thiruvananthapuram – 695 522 | KAU | 15,000/- |
| 2 | **COH** | College of Agriculture, Vellanikkara, KAU P O, Thrissur – 680 656 | KAU | 15,000/- |
| 3 | **CON** | College of Agriculture, Padannakkad P O, Kasaragod – 671 328 | KAU | 15,000/- |
| 4 | **COW** | College of Agriculture, Ambalavayal, Wayand | KAU | 15,000/- |
| **Bachelor of Science in Forestry – BSc. (Hons.) Forestry :** [Course Code 'FR'] | | | | |
| 1 | **COR** | College of Forestry, Vellanikkara, KAU P O, Thrissur – 680 656 | KAU | 15,000/- |

| | | | | |
|---|---|---|---|---|
| **B.Sc (Hons.)Co-Operation & Banking:** [Course Code 'CB'] | | | | |
| 1 | **COB** | College of Co-operation, Banking and Management, Vellanikkara, KAU P O, Thrissur-680656 | KAU | 15,000/- |
| **B.Sc (Hons.) Climate Change & Environmental Science:** [Course Code 'ES'] | | | | |
| 1 | **COS** | Academy of Climate Change Education & Research, Vellanikkara, KAU P O, Thrissur-680656, | KAU | 15,000/- |
| **B.Tech Biotechnology:** [Course Code 'BO'] | | | | |
| 1 | **COA** | College of Agriculture, Vellayani P O, Thiruvananthapuram – 695 522 | KAU | 30,000/- |

**SEATS FOR COURSE UNDER KERALA VETERINARY & ANIMAL SCIENCES UNIVERSITY (KVASU)**

| Sl. No. | Code | Name of College | Unive rsity | Fees |
|---|---|---|---|---|
| **Bachelor of Veterinary Science & Animal Husbandry – [BVSc.& AH] :** [Course Code 'AV'] | | | | |
| 1 | **TCV** | College of Veterinary and Animal Sciences, Mannuthy P O, Thrissur - 680651 | KVASU | 29,052/- |
| 2 | **WYV** | College of Veterinary and Animal Sciences, Lakkidi P O, Pookot, Wayanad – 673 576 | KVASU | 30,345/- |

**SEATS FOR COURSE UNDER KERALA UNIVERSITY OF FISHERIES & OCEAN STUDIES(KUFOS)**

| Sl. No. | Code | Name of College | Universi ty | FEES |
|---|---|---|---|---|

| **Bachelor of Fisheries Science – [BFSc] :** [Course Code 'AF'] | | | | |
|---|---|---|---|---|
| 1 | **COF** | School of Aqua Culture and Biotechnology, KUFOS , Panangad P O, Ernakulam - 682 506 | KUFOS | 14,640/- |

<u>ടോക്കൺ ഫീസ്</u>

മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ വിവിധ കോളേജുകളുടെ ഫീസ് നിരക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുമ്പോൾ കാണാവുന്നതാണ്. സ്വകാര്യ/ സ്വാശ്രയ/ ആയുർവേദ/സിദ്ധ/യുനാനി കോഴ്സുകൾക്ക് അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി (എ.എഫ്.ആർ.സി) /സർക്കാർ നിശ്ചയിക്കുന്ന ഫീസ് നിരക്ക് ബാധകമായിരിക്കും. ഗവൺമെന്റ് കോളേജുകളിലെ വിവിധ കോഴ്സുകളിലേക്ക് അലോട്ട്മെൻറ് ലഭിക്കുന്നവർ പ്രസ്തുത കോഴ്സുകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. സ്വാശ്രയ സ്വകാര്യ കോളേജുകളിൽ പ്രവേശനം ലഭിക്കുന്നവർ ടോക്കൺ ഫീസ് ആയി 1,00,000/- രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതാണ്. ബാക്കി തുക പ്രവേശനം ലഭിക്കുന്ന അതാത് കോളേജിൽ അടയ്ക്കേണ്ടതാണ്.

അലോട്ട്മെൻറ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ഒ.ഇ.സിക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ 20.06.2005 തീയതിയിലെ സ.ഉ.(കൈ)25/2005/SCSTDD, 23.05.2014 തീയതിയിലെ സ.ഉ.(കൈ)10/2014/ BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഗവണ്മെൻറ് അംഗീകൃത ഫീസ് സൗജന്യത്തിന് അർഹരാണ് എന്നാൽ ഇവർ 1000/- രൂപ ടോക്കൺ ഫീസായി അടയ്ക്കേണ്ടതാണ്.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

1. അലോട്ട്മെൻറ് ലഭിച്ചിട്ട് നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടിയില്ലെങ്കിൽ ലഭിച്ച അലോട്ട്മെൻറ് റദ്ദാകുന്നതും കൂടാതെ പ്രസ്തുത വിദ്യാർത്ഥികളെ മെഡിക്കൽ

(എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെ) മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള തുടർന്നുള്ള അലോട്ട്മെൻറുകളിൽ പങ്കെടുപ്പിക്കുന്നതുമല്ല. അലോട്ട്മെൻറ് ലഭിച്ചാൽ പ്രവേശനം നേടുകുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ ഈ ഘട്ടത്തിൽ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**2.** വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ **8.02.2022** ന് വൈകുന്നേരം **5.00** മണിക്കു മുമ്പായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെൻറുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെൻറ് സംബന്ധിച്ച വിവരങ്ങൾക്ക് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ: 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.02.05 21:53:11 IST
Reason: Approved

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം

05.02.2022